കേരള പോലീസ്
KERALA POLICE

# സ്കൂൾ പരിസരത്തുനിന്നും ഗഞ്ചാവുമായി പിടിയിൽ



കാഞ്ഞിരപ്പള്ളി ടൗണിലെ കുറുക്കുറോഡ് ഭാഗത്തുള്ള സ്കൂൾ പരിസരത്തുനിന്നും ഗഞ്ചാവുമായി ഇടക്കുന്നം കുവക്കാവ് വീട്ടിൽ മരക്കാർ മകൻ സലീമിനെയാണ് പോലീസ് പിടികൂടിയത്. 120 ഗ്രാം ഗഞ്ചാവാണ് സലീമിൽ നിന്നും പിടികൂടിയത്, സ്കൂളിന് സമീപത്തുനിന്നും പിടികൂടിയ ഇയാൾ കുട്ടികൾക്ക് ഗഞ്ചാവ് വിൽപ്പന നടത്തിയിട്ടുണ്ടോ എന്നും മറ്റുകേസുകളിൽ പ്രതിയാണോ എന്നും അന്വേഷിച്ചുവരികയാണ്. ഇയാൾക്കെതിരെ NDPS നിയമപ്രകാരം കാഞ്ഞിരപ്പള്ളി സ്റ്റേഷനിൽ കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്.

പ്രതിയെ പിടികൂടിയത് കാഞ്ഞിരപ്പള്ളി സ്റ്റേഷനിലെ ഗ്രേഡ് എസ് ഐ സാബു കെ ബി, സിപിഒ ശ്രീരാജ്, ഡാൻസാഫ് ടീം അംഗങ്ങളായ ഗ്രേഡ് എ എസ് ഐ നൗഷാദ്, സിപിഒമാരായ റിച്ചാർഡ് സേവ്യർ, സജു, എസ് സിപിഒ നവാസ് എന്നിവർ അടങ്ങുന്ന സംഘമാണ്.

***ജില്ലാ പോലീസ്, കോട്ടയം***